**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാവറട്ടി-മുല്ലശ്ശേരി സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കായുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | പാവറട്ടി മുല്ലശ്ശേരി പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭരണാനുമതി തുക 5480 ലക്ഷം രൂപയാണ്. എസ്റ്റിമേറ്റ് തുക 4899.23 ലക്ഷം രൂപ കണക്കാക്കി നടപ്പിലാക്കിവരുന്ന ടി പദ്ധതിയിൽ 109 കി. മീ. വിതരണശൃംഖലയും, 31 കി.മീറ്ററോളം സ്ലീറ്റ് മെയിൻ എക്സ്റ്റൻഷനും, 13576 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പാവറട്ടി പഞ്ചായത്തിൽ 54.62 കി.മീറ്ററും, മുല്ലശ്ശേരി പഞ്ചായത്തിൽ 54.85 കി. മീറ്ററും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പാവറട്ടി ഗ്രാമപഞ്ചായത്തിൽ 2030 കണക്ഷനുകളും മുല്ലശ്ശേരി പഞ്ചായത്തിൽ 2496 കണക്ഷനുകളും നൽകി കഴിഞ്ഞു. |
| (ബി) | പ്രസ്തുത രണ്ട് പഞ്ചായത്തുകളിലെയും ടാങ്കുകളിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | മുല്ലശ്ശേരി പഞ്ചായത്തിലെയും, പാവറട്ടി പഞ്ചായത്തിലേയും ടാങ്കുകളിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇത് നിലവിലുള്ള പൈപ്പ് ലൈനുമായി കണക്റ്റ് ചെയ്തിട്ടുണ്ട്. നിലവിലെ പൈപ്പ് ലൈനിലെ അറ്റകുറ്റപണികൾ തീർത്ത് ചാർജ്ജ് ചെയ്ത് ടാങ്കിൽ വെള്ളം എത്തിക്കേണ്ടതുണ്ട്. |
| (സി) | ബ്രഹ്മകുളം ഭാഗത്തെ റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (സി) | 81.00 ലക്ഷം രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി ആരംഭിച്ച റെയിൽവേ ക്രോസ്സിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതിപ്രകാരം മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിൽ എത്ര ഗാർഹിക കണക്ഷനുകളാണ് കൊടുക്കുന്നതെന്നും പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ? | (ഡി) | RKI പദ്ധതി പ്രകാരം മുല്ലശ്ശേരി പഞ്ചായത്തിൽ 6801 ഗാർഹിക കണക്ഷനുകളും പാവറട്ടി പഞ്ചായത്തിൽ 6775 ഗാർഹികകണക്ഷനു കളുമാണ് നൽകേണ്ടത്. മുല്ലശ്ശേരി പഞ്ചായത്തിൽ 2496 കണക്ഷനുകളും, പാവറട്ടി പഞ്ചായത്തിൽ 2030 കണക്ഷനുകളും |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പ്രവൃത്തി 08/2025-ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ